ഡിലിമിറ്റേഷൻ കമ്മീഷന്റെ നടപടിക്രമങ്ങൾ

വിഷയം : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയോജക മണ്ഡല/വാർഡ് പുനർ വിഭജനം – കാസറഗോഡ് ജില്ല– ബേളൂർ ഗ്രാമ പഞ്ചായത്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1) തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) 07.09.2024 ലെ 2888–ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 06.09.2024 ലെ എൽഎസ്ജിഡി/പിഡി/24269/2024–ഇഇആർ1 നമ്പർ വിജ്ഞാപനം

(2) ഡീലിമിറ്റേഷൻ കമ്മിഷൻ 24.09.2024 ലെ വാർഡ്/നിയോജക മണ്ഡല പുനർവിഭജന മാർഗ്ഗ നിർദ്ദേശങ്ങൾ

(3) 18.11.2024 ലെ എസ്ഡിസി/1007/2024/എസ്ഡിസി2 നമ്പർ വിജ്ഞാപനം

(4) കരട് നിയോജക മണ്ഡല പുനർ വിഭജന നിർദ്ദേശങ്ങളിന്മേൽ ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും

(5) ഡിലിമിറ്റേഷൻ കമ്മീഷന്റെ 23.04.2025 ലെ തീരുമാനം

ഉത്തരവ് നമ്പർ – എസ്ഡിസി/1007/2024/എസ്ഡിസി2 തീയതി: 25.04.2025

കാസറഗോഡ് ജില്ലയിലെ ബേളൂർ ഗ്രാമ പഞ്ചായത്തിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം 14 ആയി നിശ്ചയിച്ച് പരാമർശം (1) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിശ്ചയിച്ച അംഗസംഖ്യക്കനുസൃതമായി ഗ്രാമ പഞ്ചായത്തിന്റെ നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10 –ാം വകുപ്പ് അനുശാസിക്കും പ്രകാരം പരാമർശം (2) മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പുനർ നിർണ്ണയിച്ച് കരടു നിർദ്ദേശങ്ങൾ ഡീലിമിറ്റേഷൻ കമ്മീഷൻ പരാമർശം (3) പ്രകാരം 2024 നവംബർ 18 ന് പ്രസിദ്ധപ്പെടുത്തുകയും 2024 ഡിസംബർ 4 വരെ പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയും ചെയ്തിരുന്നു. ലഭിച്ച പരാതികളിന്മേൽ കാസറഗോഡ് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥർ മുഖേന അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് കമ്മീഷന് സമർപ്പിക്കുകയും പരാതിക്കാരെ 11.02.2025 തീയതിയിൽ കമ്മീഷൻ നേരിൽ കേൾക്കുകയും ചെയ്തു.

കരടു നിയോജക മണ്ഡല പുനർവിഭജന നിർദ്ദേശങ്ങളിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ/അഭിപ്രായങ്ങൾ, അന്വേഷണ റിപ്പോർട്ട്, നേരിൽ കേട്ടതിൽ ലഭ്യമായ അധിക വിവരങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് ഡിലിമിറ്റേഷൻ കമ്മീഷന്റെ പരാമർശം (5) തീരുമാന പ്രകാരം കരട് നിർദ്ദേശങ്ങളിന്മേൽ ഭേദഗതി വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ പ്രകാരം അന്തിമ നിയോജക മണ്ഡല വിഭജന റിപ്പോർട്ട് അനുബന്ധങ്ങൾ സഹിതം തയ്യാറാക്കി സമർപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

അന്തിമ നിയോജക മണ്ഡല വിഭജന നിർദ്ദേശങ്ങൾ ഡീലിമിറ്റേഷൻ കമ്മീഷൻ നൽകിയിട്ടുള്ള എക്സൽ ഫയലിൽ ഡാറ്റാ എൻട്രി ചെയ്ത് തയ്യാറാക്കി ബന്ധപ്പെട്ട അനുബന്ധങ്ങളും നിർദ്ദിഷ്ട നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ വ്യക്തമാക്കുന്ന ഭൂപടവും സഹിതം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന 29.04.2025 തീയതിയ്ക്കകം ഡിലിമിറ്റേഷൻ കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അന്തിമ നിയോജക മണ്ഡല വിഭജന റിപ്പോർട്ട് (ഭൂപടം, അനുബന്ധം 1എ, അനുബന്ധം 2എ, അനുബന്ധം 3, അനുബന്ധം 4എ,അനുബന്ധം 5, സാക്ഷ്യപത്രം എന്നിവ) തയ്യാറാക്കുമ്പോൾ നിർദ്ദിഷ്ട നിയോജക മണ്ഡലങ്ങളുടെ അതിർത്തിക്കുള്ളിലെ എല്ലാ കെട്ടിടങ്ങളുടെയും നമ്പരുകൾ ബന്ധപ്പെട്ട

അനുബന്ധങ്ങളിൽ യഥാവിധി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിലവിലുള്ള കെട്ടിടങ്ങൾ ഒന്നും വിട്ടുപോയിട്ടില്ലെന്നും ഒരു കെട്ടിടവും ഒന്നിലധികം നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മാപ്പിൽ ഗ്യാപ്പുകളോ ഓവർലാപ്പിംഗോ ഇല്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, അനുബന്ധങ്ങൾ പ്രകാരമുള്ള അതിർത്തികളും മാപ്പും തമ്മിൽ വ്യത്യാസമില്ലെന്നും ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവിനനുസൃതമായാണ് അനുബന്ധങ്ങളും ഭൂപടവും തയ്യാറാക്കിയിട്ടുള്ളതെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും അത് സംബന്ധമായ ഒരു സർട്ടിഫിക്കറ്റ് കൂടി അന്തിമ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

എസ്.ജോസ്നമോൾ
സെക്രട്ടറി
ഡീലിമിറ്റേഷൻ കമ്മീഷൻ

സെക്രട്ടറി, ബേളൂർ ഗ്രാമ പഞ്ചായത്ത്
ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കാസറഗോഡ് ജില്ല
കരുതൽ ഫയൽ, അധികം